Page 1 of 2

(ബി) വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർക്കുലറിന്റെ നിയമസാധുത വിശദമായി പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്ക് നൽകുന്നത് ഏത് ചട്ട പ്രകാരമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 22-2-2001 തീയതിയിൽ പ്രസിദ്ധീകരിച്ച വിജിലൻസ് മാന്വൽ പരിഷ്കരിച്ചിട്ടില്ല.

(ബി) വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വിജിലൻസ് ഡയറക്ടറുടെ 25-5-2017 തീയതിയിലെ 02/17 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) വിജിലൻസ് മാന്വലിലെ ഖണ്ഡിക 56 പ്രകാരവും 12-5-1992 തീയതിയിലെ ജി.ഒ.(പി) 65/92/വിജി., 29-3-2017 തീയതിയിലെ ജി.ഒ.(പി) 09/2017/വിജി. എന്നീ നമ്പർ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നൽകിയതുപോലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്കുണ്ട്. കൂടാതെ നിലവിലുള്ള വിവിധ ചട്ടങ്ങൾ, വിജിലൻസ് മാന്വൽ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ ഉള്ളിൽ നിന്നുകൊണ്ട് ആവശ്യമുള്ള നടപടികളെടുക്കാനുള്ള അധികാരവും വിജിലൻസ് ഡയറക്ടറുടെ പദവിയിൽ നിക്ഷിപ്തമാണ്.

**വിജിലൻസ് റിപ്പോർട്ടുകൾ അട്ടിമറിച്ചതിന് നടപടി നേരിട്ട എസ്.പി.-യുടെ നിയമനം**

155 (1810) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് റിപ്പോർട്ടുകൾ അട്ടിമറിച്ചതിന് നടപടി നേരിട്ട പോലീസ് സൂപ്രണ്ട് ശ്രീ. ബി. അശോകനെ വിജിലൻസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ-I-ൽ ഒന്നിൽ നിയമിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുപ്രധാന വിജിലൻസ് കേസ്സുകൾ അന്വേഷിക്കുന്ന പ്രസ്തുത യൂണിറ്റിൽ അഴിമതി കേസുകൾ അട്ടിമറിക്കുന്നതിന് കൂട്ടുനിന്നുവെന്ന് ആരോപിതനായ ഉദ്യോഗസ്ഥനെ നിയമിച്ചത് എന്തടിസ്ഥാനത്തിലാണ്;

(സി) ഇദ്ദേഹത്തെ വിജിലൻസിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ കത്ത് നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. ബി. അശോകൻ, ഐ.പി.എസ്.-നെ 6-6-2017 തീയതിയിലെ ജി.ഒ. (ആർ.ടി.) നമ്പർ 3558/2017/ജി.എ.ഡി. ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ൽ പോലീസ് സൂപ്രണ്ടായി നിയമിച്ചിരുന്നു. ശ്രീ. അശോകനെതിരെ ഒരു അച്ചടക്കനടപടിയും നിലവിലില്ല.

(ബി&സി) 31-7-2017 തീയതിയിലെ ജി.ഒ.(ആർ.ടി.) 4850/2017/ ജി.എ.ഡി. നമ്പർ ഉത്തരവുപ്രകാരം ശ്രീ. ബി. അശോകൻ, ഐ.പി.എസ്.-നെ കൊല്ലം റൂറൽ പോലീസ് സൂപ്രണ്ടായി മാറ്റി നിയമിച്ചിട്ടുണ്ട്. ടിയാനെ മാറ്റുന്നതിനായി വിജിലൻസ് ഡയറക്ടർ കത്ത് നൽകിയിരുന്നില്ല.

**സംസ്ഥാനത്തെ വിജിലൻസ് കോടതികൾ**

156 (T*1811) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കേരളത്തിൽ എത്ര വിജിലൻസ് കോടതികൾ ഉണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അവയിൽ ഓരോ കോടതികളിലും നിലവിൽ എത്ര ഉദ്യോഗസ്ഥർ വീതമുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(സി) നിലവിലുള്ള വിജിലൻസ് കോടതികൾ സംസ്ഥാനത്തെ വിജിലൻസ് കേസ്സുകൾ തീർക്കാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) പുതിയ വിജിലൻസ് കോടതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു